**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി വില്ലേജിൽ വെങ്ങളം ദേശത്ത് റീ.സർവ്വേ നം.113-ൽ ഉൾപ്പെട്ട 25.75 സെന്റ് പുഴപുറമ്പോക്ക് ശ്രീ. അലക്സ് കെ.ബാബുവിന്, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ ചട്ടം 8 പ്രകാരം പാട്ടത്തിന് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ ) നം. 395/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 12/02/2021

---

പരാമർശം:- 1) കൊയിലാണ്ടി തഹസിൽദാർ മുൻപാകെ ശ്രീ.അലക്സ്.കെ.ബാബു സമർപ്പിച്ച 10.12.2013- ലെ സത്യവാങ്മൂലം.

2) ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 13.3.2020- ലെ സാധാരണ/അടിയന്തര മീറ്റിംഗിലെ തീരുമാനം നം.14.

3) പഞ്ചായത്ത് ഡയറക്ടറുടെ 19.6.2020- ലെ PAN/2936/2020- C5(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ ചേമഞ്ചേരി വില്ലേജിൽ വെങ്ങളം ദേശത്ത് റീ.സർവ്വേ 113- ൽ ഉൾപ്പെട്ടതും ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ പുഴപുറമ്പോക്ക്, കൊയിലാണ്ടി താലൂക്ക് ചേമഞ്ചേരി അംശം വെങ്ങളം ദേശത്ത് കല്ലുവിള "ഗലീലി" വീട്ടിൽ ശ്രീ.അലക്സ് കെ.ബാബു എന്നയാളുടെ കൈവശഭൂമിയോടു ചേർന്ന് കിടക്കുന്നതും കോരപ്പുഴയിൽ ഉൾപ്പെട്ടതുമായ 25.75 സെന്റ് സ്ഥലം ആണെന്ന് കണ്ടെത്തിയിരുന്നു. സർവ്വേ സ്കെച്ച് പ്രകാരം ശ്രീ.അലക്സ് കെ.ബാബുവിന്റെ സ്ഥലത്തിന്റെ തൊട്ടടുത്ത് വടക്ക് കിഴക്ക് ഭാഗങ്ങളിൽ രണ്ട് വ്യത്യസ്ത ഇടങ്ങളിലായിട്ടാണ് പ്രസ്തുത 25.75 സെന്റ് സ്ഥലം സ്ഥിതി ചെയ്യുന്നത്. ഈ സ്ഥലം പുഴയോട് ചേർന്ന് നിൽക്കുന്നതാണെങ്കിലും ഇപ്പോൾ പുഴയിൽ നിന്നും ഏകദേശം 2.5 മീറ്റർ ഉയരത്തിൽ ശ്രീ.അലക്സ്.കെ.ബാബുവിന്റെ കൈവശ ഭൂമിയോട് ചേർന്നാണ് കിടക്കുന്നത്.

2) പ്രസ്തുത പുറമ്പോക്ക് ഭൂമിയിലേയ്ക്ക്.നിറഞ്ഞു നിൽക്കുന്ന കോരപ്പുഴയിലൂടെയോ ടി പുറമ്പോക്കുമായി അതിർത്തി പങ്കിടുന്ന ശ്രീ.അലക്സ് കെ.ബാബുവിന്റെ സ്ഥലത്തു കൂടിയോ മാത്രമേ പ്രവേശനം സാധ്യമാകൂ എന്നും പ്രസ്തുത ഭൂമി 20 വർഷത്തിലധികമായി ടിയാൾ ഉപയോഗിച്ചുവരുന്നതാണെന്നും, ആയത് മനപൂർവ്വമായ കയ്യേറ്റം അല്ലെന്നും, കൈയ്യേറ്റ സ്ഥലം മറ്റൊരാൾക്കോ മറ്റൊരാവശ്യത്തിനോ പ്രയോജനപ്പെടുത്താൻ കഴിയാത്തതാണെന്നും ആയതിനാൽ പ്രസ്തുത സ്ഥലം ലീസ്/ക്രമവത്ക്കരണത്തിനായി സർക്കാർ തീരുമാനം ലഭ്യമാക്കുന്നതിന് ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് ഭരണസമിതി പരാമർശം 2 പ്രകാരം തീരുമാനം എടുക്കുകയുണ്ടായി. കിഴക്ക്-പടിഞ്ഞാറ്-വടക്ക് ഭാഗങ്ങളിൽ പുഴയുമായും തെക്ക്-പടിഞ്ഞാറ് ഭാഗത്ത് ശ്രീ.അലക്സ് കെ.ബാബുവിന്റെ സ്ഥലവുമായും അതിർത്തി പങ്കിടുന്ന ഈ പുഴപുറമ്പോക്ക് സ്ഥലത്തിന് മറ്റ് പുറമ്പോക്കുമായോ സർക്കാരിൽ നിക്ഷിപ്തമായ മറ്റ് കരഭൂമിയുമായോ നേരിട്ട് ബന്ധമില്ലാത്തതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്.

3) കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ ചേമഞ്ചേരി വില്ലേജിൽ വെങ്ങളം ദേശത്ത് റീ.സർവ്വേ 113- ൽ ഉൾപ്പെട്ട, ശ്രീ. അലക്സ് കെ.ബാബു

കൈവശം വച്ചു വരുന്ന പുഴപുറമ്പോക്ക് ഭൂമി, ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന സാഹചര്യത്തിൽ ആയത് മറ്റാവശ്യങ്ങൾക്ക് വേണ്ടതില്ലെങ്കിൽ പുഴയ്ക്കും പരിസ്ഥിതി വ്യവസ്ഥയ്ക്കും കോട്ടം വരുത്താത്ത രീതിയിൽ നിർമ്മാണ പ്രവർത്തികളൊന്നും നടത്തുകയില്ലായെന്ന് ഉറപ്പാക്കിക്കൊണ്ട് 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങളിലെ ചട്ടം (8) ലെ വ്യവസ്ഥകൾ പ്രകാരം ശ്രീ.അലക്സ് കെ.ബാബുവിന് പാട്ടത്തിന് അനുവദിക്കുന്നതിന് നിയമതടസ്സമില്ലെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്.

4) പ്രസ്തുത സ്ഥലം മറ്റൊരാൾക്കോ മറ്റൊരാവശ്യത്തിനോ പ്രയോജനപ്പെടുത്താൻ കഴിയാത്തതാണെന്ന് ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതി പരാമർശം 2 പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം പാട്ടത്തിന് ലഭിക്കുന്ന പക്ഷം പുഴയ്ക്കും പരിസ്ഥിതി വ്യവസ്ഥയ്ക്കും കോട്ടം വരുത്താത്ത രീതിയിൽ സംരക്ഷിക്കുമെന്നും നിർമ്മാണ പ്രവർത്തികളൊന്നും നടത്തുകയില്ലായെന്നും കൊയിലാണ്ടി തഹസിൽദാർ മുൻപാകെ ശ്രീ.അലക്സ് കെ.ബാബു പരാമർശം 1 പ്രകാരം സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്.

5) മേൽ സാഹചര്യത്തിൽ, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്ക് ചേമഞ്ചേരി അംശം വെങ്ങളം ദേശത്ത് റീ.സർവ്വേ നം.113-ൽ ഉൾപ്പെട്ടതും ശ്രീ.അലക്സ് കെ.ബാബു എന്നയാളുടെ കൈവശഭൂമിയോട് ചേർന്നു കിടക്കുന്നതുമായ കോരപ്പുഴയിൽ ഉൾപ്പെട്ട 25.75 സെന്റ് പുഴപുറമ്പോക്ക് ഭൂമി 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങളിലെ ചട്ടം 8-ലെ വ്യവസ്ഥകൾക്ക് വിധേയമായി ചേമഞ്ചേരി കല്ലുവിള "ഗലീലി" വീട്ടിൽ ശ്രീ.അലക്സ് കെ.ബാബുവിന് പാട്ടത്തിന് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.
ശ്രീ.അലക്സ് കെ.ബാബു, "ഗലീലി", കല്ലുവിള, വെങ്ങളം, ചേമഞ്ചേരി, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
റവന്യൂ വകുപ്പ് (എൽ2/137/2017/റവ.-പ്രകാരം)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി(ആർസി4/87/2018/ തസ്വഭവ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ